
# അറബി ഇസ്‌ലാമിക വിദ്യാഭ്യാസം

# കേരളത്തിൽ

*അറബി - ഇസ്‌ലാമിക വിദ്യാഭ്യാസത്തിൻെറ ഗതകാല ചരിത്രത്തിലെ തിളങ്ങുന്ന അദ്ധ്യായങ്ങൾ വിലയിരുത്തപ്പെടുന്നു. ഊർജ്ജസ്വലമായ ഒരു ഭൂതകാലത്തിൻെറ അടിത്തറ ഉണ്ടായിരുന്നിട്ടും നമ്മുടെ ഭാഷാ മതപഠന രീതികൾക്ക് ഇന്നും വേണ്ടത്ര കരുത്ത് നേടാൻ കഴിഞ്ഞിട്ടില്ല. ഭാഷാ-മതപഠന രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ഒരു മാർഗ്ഗരേഖ*



**കരുവള്ളി മുഹമ്മദ് മൗലവി**

ഇസ്ലാമിന് എത്രയോ വർഷങ്ങൾക്ക് മുൻപുതന്നെ നമ്മുടെ നാടും അറബ് നാടുകളുമായി കച്ചവടബന്ധമുണ്ടായിരുന്നു. മൂവായിരത്തിൽപ്പരം വർഷങ്ങളുടെ പഴക്കമുള്ള ഈ വാണിജ്യബന്ധം നിമിത്തം കേരളത്തിലെ കടൽത്തീര കച്ചവടകേന്ദ്രങ്ങളിൽ പൊതുവെ അറിയപ്പെടുന്ന ഭാഷയായിത്തീർന്നു അറബി. വാസ്കോഡി ഗാമ കോഴിക്കോട്ടുവന്നപ്പോൾ പോർച്ചുഗീസ് രാജാവിൽനിന്ന് കോഴിക്കോട്ടെ രാജാവിന് ഒരെഴുത്ത് കൊണ്ടുവന്നത് അറബിയിലായിരുന്നുവെന്നും പ്രസ്തുത എഴുത്ത് രാജാവിന് പരിഭാഷപ്പെടുത്തിക്കൊടുത്തത് തുർക്കിക്കാരനായ ഒരു വ്യാപാരി ആയിരുന്നുവെന്നും ചരിത്രകാരന്മാർ പറയുന്നു. കച്ചവടമേഖലയിൽ പ്രാചീനകാലത്തുതന്നെ അറബി ഒരന്താരാഷ്ട്രഭാഷയായിരുന്നുവെന്നാണിത് സൂചിപ്പിക്കുന്നത്.

നബി(സ.അ)യുടെ കാലത്ത് തന്നെ മതപ്രബോധകരായി അറബികൾ ഇവിടെയെത്തി. അവരുടെ ഇസ്ലാമികമായ ജീവിതം കേരളീയരിൽ അതിയായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പലരും തങ്ങളുടെ സന്താനങ്ങളെ മുസ്ലിം ചിട്ടയിൽ വളർത്തുവാൻ ആഗ്രഹിച്ചു. ആരെങ്കിലും തങ്ങളുടെ സന്താനങ്ങളെ മുസ്ലിംകളായി വളർത്തുകയാണെങ്കിൽ ആ കുട്ടികളുടെ സർവ്വചെലവും സർക്കാർ വഹിക്കുന്നതാണെന്ന് സാമൂതിരി തിട്ടൂരം (രാജകല്പന) പുറപ്പെടുവിച്ചിരുന്നുവെന്നും മറ്റും മലബാർ ഗസറ്റിയറിൽ പ്രസ്താവിച്ചിട്ടുണ്ട്.

ഇവിടെ വന്ന മതപ്രബോധകർ അധിക സമയവും പള്ളിയിൽ തന്നെയാണ് കഴിച്ചുകൂട്ടിയത്. അതിനാൽ മതകാര്യങ്ങൾ പഠിക്കുവാൻ ജനങ്ങൾക്ക് പള്ളിയിലേക്ക് വരേണ്ടിയിരുന്നു. പള്ളികളിലെ ഈ പഠനസമ്പ്രദായമാണ് ദർസുകളുടെ ആരംഭം. ഖുർആൻ പാരായണവും മറ്റ് പ്രാഥമിക മതകാര്യങ്ങളും പഠിപ്പിക്കുവാനായി ഓത്തുപുരകൾ രൂപംകൊണ്ടു. ഈ ഓത്തുപുരകൾ പിൽക്കാലത്ത് മദ്രസകളായി രൂപാന്തരപ്പെട്ടു. മലയാളികളെ മതകാര്യങ്ങൾ പഠിപ്പിക്കുന്നതിനായി അറബിലിപിയിൽ മലയാളം എഴുതുന്ന അറബി - മലയാള സമ്പ്രദായം നിലവിൽവന്നു. അങ്ങനെ മതപഠനത്തിൻെറ പേരിൽ ഒരു പുതിയ ലിപിയും ഭാഷയും ഉടലെടുത്തു എന്നത് ഭാഷാചരിത്രത്തിലെ അർത്ഥവത്തായ ഒരധ്യായമാണ്. മതപഠനകാര്യത്തിൽ അറബി മലയാളത്തിൻെറ പങ്ക് ആദ്യകാലത്ത് സ്തുത്യർഹമാണ്. എന്നിരുന്നാലും അറബി മലയാളം വഴി മുസ്ലിംകളിൽ അറബിയുടെയും മലയാളത്തിൻെറയും വളർച്ച നിലക്കുകയാണുണ്ടായതെന്ന് ശക്തമായി വാദിക്കുന്നവരുമുണ്ട്. ക്രിസ്തീയ പാതിരിമാരെപ്പോലെ ഇവിടുത്തെ ഭാഷ പഠിച്ച് ആ ഭാഷയിൽ മതസാഹിത്യങ്ങൾ പരിചയപ്പെടുത്തുവാൻ നമ്മുടെ ആദ്യകാല പ്രബോധകന്മാർ ശ്രമിച്ചിരുന്നുവെങ്കിൽ മലയാളഭാഷയിലിന്ന് നമുക്ക് മേധാവിത്വം കിട്ടുമായിരുന്നു. അറബി- മലയാളം ഇല്ലായിരുന്നെങ്കിൽ നമ്മുടെ പൂർവ്വികർ അറബി നന്നായി പഠിക്കുമായിരുന്നു. അങ്ങിനെ എല്ലാ അർത്ഥത്തിലും പുരോഗതി ഉണ്ടാകുമായിരുന്നു.

അറബികളെപ്പോലെ മറ്റു പല വിദേശികളും വന്നിരുന്നുവെങ്കിലും അവരുടെ ഭാഷക്കോ സംസ്കാരത്തിനോ ഇവിടെ പരിഗണനാർഹമായ സ്വീകാര്യം ലഭിക്കുകയുണ്ടായില്ല. അറബിയാകട്ടെ മലയാളത്തിൽ

ഗണ്യമായ സ്വാധീനം ചെലുത്തി. മലയാളത്തിൽ സ്ഥലംപിടിച്ച ചില അറബി പദങ്ങളെ മാറ്റിനിറുത്തി പകരം വച്ചുകൊടുക്കുവാൻ പറ്റുന്ന ഒരു പദംപോലും ഇല്ലാത്തവിധം തനി മലയാളിയായി മാറിയിരിക്കുകയാണ് . നമ്മുടെ 'വക്കീലി'നെ 'റദ്ദ്' ചെയ്ത് 'ബദലാ'യി ആരെയെങ്കിലും പറ്റുമോ. അറബി ഭാഷയുടെ പ്രത്യേകത അത് ചെന്നെത്തിയ പ്രദേശങ്ങളിലെല്ലാം അതിന് സ്വന്തം വ്യക്തിത്വം നിലനിർത്തുവാനും മറ്റുള്ളവരെ സ്വാധീനിക്കുവാനും സാധിച്ചു എന്നതാണ്. പല രാജ്യക്കാരും തങ്ങളുടെ മാതൃഭാഷ വെടിഞ്ഞു അറബി ആശ്ലേഷിച്ച ചരിത്രമുണ്ട്. 'ഖിബ്തി' ഭാഷക്കാരായിരുന്ന ഈജിപ്തുകാർ ഇന്ന് അറബികളാണ്.

യൂറോപ്യന്മാരുടെ ആഗമനത്തോടെ കച്ചവടരംഗത്ത് അറബികളുടെ ആധിപത്യം കുറഞ്ഞുവന്നു. കച്ചവട രംഗത്ത് നിന്ന് അറബികൾ മറഞ്ഞെങ്കിലും അറബി മറഞ്ഞിട്ടില്ല. 'അസലും', 'നഖലും', 'കരാറും', 'വസൂലും', 'ബദലും' അനാമത്തും മറ്റും ഇന്നും ആ രംഗത്ത് മേധാവിത്വം പുലർത്തി നിലകൊള്ളുന്നു. വാണിജ്യരംഗത്തു നിന്ന് അറബി പഠനരംഗത്തേക്ക് കൂടി വ്യാപിച്ചു. ആദ്യകാല പ്രബോധകർ അറബികളായിരുന്നത് കൊണ്ടും മതഗ്രന്ഥങ്ങൾ അറബിയിലായതുകൊണ്ടും മതപഠനം അറബിയിലായി. മതവിഷയങ്ങളിലും അറബി ഭാഷയിലും വ്യുൽപത്തി നേടിയ പല പണ്ഡിതന്മാരും ഉണ്ടായി.

സാക്ഷാൽ അറബി പണ്ഡിതന്മാരെപ്പോലും വെല്ലുന്ന നിരവധി അറബി ഗ്രന്ഥങ്ങൾ മലയാളികളായ പണ്ഡിതന്മാർ അറബിയിൽ രചിച്ചിട്ടുണ്ട്. കേരള ചരിത്രത്തിലെ മൂലഗ്രന്ഥമെന്ന് അംഗീകരിക്കപ്പെട്ട 'തുഹ്ഫതുൽ മുജാഹിദീനും' ഷാഫി കർമ്മശാസ്ത്രരംഗത്തെ പ്രബലഗ്രന്ഥമായ 'ഫത്ഹുൽ മുഈൻ' മറ്റും ലോകപ്രസിദ്ധ ഗ്രന്ഥങ്ങളാണ്. കേരളത്തിലെ പല ഭാഗത്തും കഴിവുറ്റ മുഹദിസുകളും ഫുഖഹാക്കളും വലിയ ദർസുകളും നടന്നിരുന്നതായി ഇബ്നുബതൂത രേഖപ്പെടുത്തിയിട്ടുണ്ട്. പഴയകാലത്ത് പൊന്നാനി കേരളത്തിലെ 'മദീന'യായിരുന്നു. ഇവിടുത്തെ മഖ്ദൂം കുടുംബത്തിലെ ശൈഖ് സൈനുദ്ദീൻെറ ഗ്രന്ഥങ്ങളാണ് മേലുദ്ധരിച്ച രണ്ട് ഗ്രന്ഥങ്ങളും. പോർച്ചുഗീസുകാർ കേരളത്തിൽ വന്നതിന് ശേഷം 1583 വരെ നടന്ന സംഭവങ്ങളും അനുഭവങ്ങളുമാണ് 'തുഹ്ഫതുൽ മുജാഹിദീൻ ഫീ ബഅ്സി അഖ്ബാറിൽ ബുർദുഗാലീൻ' എന്ന ഗ്രന്ഥത്തിലെ പ്രതിപാദ്യം. മേലുദ്ധരിച്ച ഗ്രന്ഥങ്ങൾക്ക് പുറമെ അദ്ദേഹത്തിന് 'ഖുർറത്തുൽ അയിൻ', 'അഹ്കാമു നികാഹ്', 'മൻഹജുൽ വാളിഹ്', 'അജ്വിബതുൻ അജീബ്', 'ഇർശാദുൽ ഇബാദ്', 'മുഖ്തസർ ശറഹു സുദൂർ എന്നിങ്ങനെ വേറെയും പല ഗ്രന്ഥങ്ങളും ഉള്ളതായറിയുന്നു. ഇദ്ദേഹത്തിൻെറ ചില ഗ്രന്ഥങ്ങൾ ഈജിപ്തിലും മറ്റു ചില നാടുകളിലും അച്ചടിച്ചിരുന്നതായി ചരിത്രപണ്ഡിതനായ പ്രൊഫ: അബ്ദുറഹിമാൻ സാഹിബ് തൻെറ ലേഖനത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഹിജ്റ 982-ലാണ് ഫതഹുൽമുഈൻ രചിച്ചതെന്ന് ചില കുറിപ്പുകളെ ആധാരമാക്കി പണ്ഡിതന്മാർ പറയുന്നു. ഹിജ്റ 1289-ൽ രചിച്ച സിലബസ്സും പാഠികയും മറ്റ് പരിഷ്കാരങ്ങളും നടപ്പിലാക്കിക്കൊണ്ട് ദർസ് നടത്തിയത് പാറക്കടവത്ത് കുഞ്ഞഹമ്മദാജിയായിരുന്നു. ഈ 'ഖസീദതുൽ മഖ്ദൂമിയ' എന്ന പദ്യകൃതിയിൽ കർത്താവ് കൊങ്ങനം വീട്ടിൽ ഇബ്റാഹീംകുട്ടി മുസ്ലിയാർ മഖ്ദൂം കുടുംബത്തിൻെറ ചരിത്രം സാമാന്യമായി ചിത്രീകരിച്ചിട്ടുണ്ട്. കേരള പണ്ഡിതന്മാർ അറബിയിൽ രചിച്ച അമ്പതിൽപരം ഗ്രന്ഥങ്ങളെയും അവയിലെ പ്രതിപാദ്യത്തേയും ഗ്രന്ഥകാരന്മാരേയും പരിചയപ്പെടുത്തിക്കൊണ്ട് 'അൽബുഷ്റാ' അറബിമാസികയിൽ കോഴിക്കോട് വലിയ ഖാസി സയ്യിദ് ശിഹാബുദ്ദീൻ തങ്ങൾ എഴുതിയ ലേഖനം കേരളത്തിലെ ഗതകാലപണ്ഡിതന്മാരുടെ ഏകദേശരൂപം നല്കുന്നുണ്ട്.

അടുക്കും ചിട്ടയുമില്ലാത്ത ദർസു സമ്പ്രദായത്തെ വ്യവസ്ഥാപിതവും ക്രമീകൃതവുമായ രൂപത്തിൽ കൊണ്ടുവരുവാൻ ആദ്യമായി പരിശ്രമം നടത്തിയത് ശൈഖ് ഹമദാനിയാണ്. അദ്ദേഹത്തിൻെറ അറബിക്കോളേജ് പരിശ്രമം പൂർണ്ണമായി വിജയിച്ചില്ല. പിന്നീട് പരിഷ്കരണം ദഹിക്കാത്ത യാഥാസ്ഥിതിക പണ്ഡിതന്മാരുടെ എതിർപ്പുനിമിത്തം അദ്ദേഹം വാഴക്കാട് ദർസ് ഉപേക്ഷിക്കുകയാണുണ്ടായത്. അറബി ഒരു ഭാഷ എന്ന നിലയ്ക്ക് പഠിപ്പിക്കുക എന്ന ആശയത്തിന് വലിയ പഴക്കമില്ല. വക്കം അബ്ദുൾഖാദർ മൗലവിയാണ് ഈ പരിഷ്കരണത്തിന് മുൻകൈയെടുത്തത്. തുടർന്ന് എം.സി.സി. സഹോദരന്മാർ, കെ.എം. മൗലവി, മൂസ മൗലവി തുടങ്ങിയ പലരും ഈ വഴിക്ക് ചിന്തിക്കുകയും ഭാഷാപഠനത്തിന് പറ്റിയ പുസ്തകങ്ങൾ രചിക്കുകയും ചെയ്തു.

മതകാര്യങ്ങളുടെ പ്രാഥമിക പഠനത്തിനായി ആരംഭിക്കപ്പെട്ട ഓത്തുപുരകൾ കാലക്രമത്തിൽ മദ്രസകൾക്ക് വഴിമാറിക്കൊടുത്തു. മദ്രസകൾ അധികവും മതപഠനത്തിൽ പരിമിതമാണ്. ബ്രിട്ടീഷ് ഭരണകാലത്ത് മതപഠനത്തിന് സ്കൂളുകളിൽ സൗകര്യമുണ്ടായിരുന്നു. പ്രൈമറി, സെക്കൻററി തലത്തിലും ട്രെയിനിംഗ് ക്ലാസ്സുകളിലും മറ്റദ്ധ്യാപകരെപ്പോലെതന്നെ മതാധ്യാപകരും നിയമിക്കപ്പെട്ടിരുന്നു. സെക്കൻററി തലത്തിൽ മതാധ്യാപകന് (Religious Intructor) ഭാഷാധ്യാപകനെക്കാൾ അഞ്ചുറുപ്പിക. വർധനവുണ്ടായിരുന്നു. സ്വാതന്ത്ര്യത്തിന് ശേഷം നാട് മതേതരരാഷ്ട്രമായി പ്രഖ്യാപിക്കപ്പെട്ടതോടെ മതാധ്യാപക തസ്തികകൾ നിറുത്തലാക്കി. അപ്പോൾ സർക്കാറിനോടുള്ള വെല്ലുവിളിയെന്നോണം ധാരാളം മദ്രസകൾ ഉയർന്നുവന്നു. ആദ്യകാലത്ത് മദ്രസാപ്രസ്ഥാനത്തെ എതിർത്തിരുന്നവർ ഇന്നതിൻെറ സംരക്ഷകരായി മാറി. ഇന്ന് ഓരോ കക്ഷിക്കും പ്രത്യേകം മദ്രസയും പുസ്തകങ്ങളും സിലബസും പരീക്ഷയും പരിശോധന ഉദ്യോഗസ്ഥന്മാരുമുണ്ട്.

കേരളത്തിലെ അംഗീകൃത അറബിക്കോളേജുകളിൽ പഴക്കം ചെന്നത് 1942-ൽ ഫറൂക്കിൽ സ്ഥാപിച്ച റൗസത്തുൽ ഉലൂം അറബിക്കോളേജാണ്. തുടർന്ന് 1947-ൽ പുളിക്കൽ മദീനത്തുൽ ഉലൂം അറബിക് കോളേജും 1954-ൽ അരീക്കോട് സുല്ലമുസ്സലാം കോളേജും സ്ഥാ

പിക്കപ്പെട്ടു. തിരു-കൊച്ചി ഭാഗത്തെ ഏക അറബിക് കോളേജായ നൂറുൽ ഹുദാ 1952-ൽ സ്ഥാപിക്കപ്പെട്ടു. പിൽക്കാലത്ത് അതിൻെറ അംഗീകാരം നിഷേധിച്ചു. ഇപ്പോൾ കേരളത്തിൽ പ്രത്യേകിച്ച് മലബാർ പ്രദേശത്ത് അംഗീകാരം ഉള്ളതും ഇല്ലാത്തുമായി ധാരാളം അറബിക്കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. അക്കൂട്ടത്തിൽ മോങ്ങം വനിതാ അറബിക്കോളേജ് പ്രത്യേകം പ്രസ്താവ്യമാണ്.

നിലവിലുള്ള ദർസ്, മദ്രസ, കോളേജ് എന്നീ സ്ഥാപനങ്ങളിലെ അധ്യയനം ആധുനിക ബോധനരീതിയിലല്ല നടക്കുന്നത്. ബോധനം, പരീക്ഷ, സിലബസ്സ് എന്നിവയെല്ലാം കാലോചിതമായി ശാസ്ത്രസാങ്കേതിക സൂത്രങ്ങളുടെ വെളിച്ചത്തിൽ പരിഷ്കരിക്കേണ്ടതുണ്ട്.

ഇന്നത്തെ മദ്രസാ സമ്പ്രദായത്തിന് ഒരുനൂറ്റാണ്ടിലേറെ പഴക്കം കാണുകയില്ല. മലബാറിലെ ആദ്യ മദ്രസ വാഴക്കാട് ദാറുൽ ഉലൂം ആണെന്ന് മർഹൂം ഇ.കെ. മൗലവിയുടെ ഒരു ലേഖനത്തിൽ കാണുന്നുണ്ട്. 1908-ലാണ് അത് സ്ഥാപിതമായത്. കണ്ണൂരിലെ കോയക്കുഞ്ഞി സാഹിബിൻെറ മദ്രസ മഅ്ദനുൽ ഉലൂം, തലശ്ശേരിയിലെ തഅ്ലീമുൽ അവാം മദ്രസ, മയ്യഴിയിലെ മയ്യലവിയ മദ്രസ, കോഴിക്കോട് ഹിമായത്തുൽ ഇസ്ലാം മദ്രസ, തലശ്ശേരി മദ്രസ മുബാറക, ചാലിയം മദ്രസത്തുൽ മനാർ, കോഴിക്കോട് മദ്രസത്തുൽ മുഹമ്മദീയ, പുണർപ്പയിലെ മക്തബതുലു സുമിയ തുടങ്ങിയവയെല്ലാം ആദ്യകാലത്തെ മദ്രസകളാണ്. ഇവയിൽ മിക്കതും ഇന്ന് ഹൈസ്കൂളുകളായി മാറിയിട്ടുണ്ട്.

മുൻകാലത്ത് പ്രശസ്തമായ നിലക്ക് നടന്നിരുന്ന പല ദർസുകളും ഇന്ന് ക്ഷയിച്ചിരിക്കുകയാണ്. പള്ളി ദർസുകളുടെ വരുമാനം മിക്കവാറും വഖഫ് സ്വത്തുക്കൾ വഴിയാണ്. ഭൂപരിഷ്കരണ നിയമത്തോടെ സ്വത്തുക്കൾ അന്യാധീനമായി. പഠിതാക്കളുടെ ഭക്ഷണച്ചെലവ് ഓരോ പ്രദേശത്തുകാർ അവരുടെ വീടുകളിൽനിന്നാണ് നല്കിപ്പോന്നിരുന്നത്. അരിക്ഷാമവും റേഷനും വന്നതോടെ അതും മുടങ്ങിത്തുടങ്ങി. സർക്കാർ അംഗീകൃതമായ ചെറിയ പരീക്ഷകൾ പാസായാൽ വിദ്യാലയങ്ങളിൽ ജോലിയും ആകർഷകമായ ശമ്പളവും കിട്ടുമെന്ന് കണ്ടതോടെ അറബിക്കോളേജുകളിൽ പഠനം പൂർത്തിയാക്കുന്നവരുടെ എണ്ണം ചുരുങ്ങി. ഇതെല്ലാം മതപഠനസ്ഥാപനങ്ങളെ കാര്യമായി ബാധിക്കുന്ന വിഷമതകളാണ്.

ഐക്യകേരളപ്പിറവിക്ക് മുമ്പ് മലബാർ പ്രദേശത്ത് ഹൈസ്കൂളുകളിൽ മാത്രമേ അറബി ഭാഷാദ്ധ്യാപക തസ്തിക അനുവദിച്ചിരുന്നുള്ളൂ. അംഗുലീ പരിചിതമായിരുന്നു അന്നത്തെ അദ്ധ്യാപകരുടെ എണ്ണം. തിരു-കൊച്ചി പ്രദേശങ്ങളിൽ പ്രാഥമിക വിദ്യാലയങ്ങളിലും അറബി പഠനം നടന്നുവന്നിരുന്നു. 1916-ൽ തിരുവിതാംകൂറിലും 1918-ൽ കൊച്ചിയിലും അതാത് രാജാക്കന്മാരുടെ കല്പനപ്രകാരം മുസ്ലിം വിദ്യാർത്ഥികളെ ഉദ്ദേശിച്ച് സ്കൂളുകളിൽ അറബി പഠനം ആരംഭിക്കുകയുണ്ടായി. ഐക്യകേരളം വന്നതോടെ ഈ ആനുകൂല്യം മലബാർ പ്രദേശത്തേക്ക് കൂടി നീട്ടി. ഇന്ന് ആയിരക്കണക്കിന് അറബി അദ്ധ്യാപകരും ലക്ഷക്കണക്കിന് അറബി വിദ്യാർത്ഥികളുമുണ്ട്. കൂടാതെ ഇരുപതോളം കോളേജുകളിൽ അറബി പഠിപ്പിച്ചു വരുന്നുണ്ട്.

അടുത്ത കാലത്ത് രണ്ട് മൂന്ന് അന്താരാഷ്ട്ര അറബി സെമിനാർ ഇവിടെ നടക്കുകയുണ്ടായി. അറബ് ലോകത്തെ പ്രശസ്ത പണ്ഡിതന്മാർ പ്രസ്തുത സെമിനാറുകളിൽ പങ്കെടുത്തിരുന്നു. നമ്മുടെ പണ്ഡിതന്മാർ സമർപ്പിച്ച പ്രബന്ധങ്ങൾ എല്ലാവരുടേയും പ്രശംസക്ക് പാത്രമായി എന്നതിൽ നമുക്കഭിമാനിക്കാം.

ഇതൊക്കെയാണെങ്കിലും കഴിഞ്ഞ ഏതാനും നൂറ്റാണ്ടുകളായി മതരംഗത്തും ഭാഷാരംഗത്തും പരിഗണനനീയമായ അറബി ഗ്രന്ഥങ്ങളൊന്നും കേരള-പണ്ഡിതന്മാർ രചിച്ചതായി അറിയുന്നില്ല. കൊച്ചനൂർ അലി മൗലവിയുടെ ഗ്രന്ഥങ്ങൾ ഇവിടെ വിസ്മരിക്കുന്നില്ല. അറബി സാഹിത്യത്തിലും തദ്വാര മതരംഗത്തും മികവുറ്റ പല പണ്ഡിതന്മാരും നമുക്കുണ്ട്. കവികളും എഴുത്തുകാരുമുണ്ട്. എന്നിട്ടും അറബിയിൽ സ്വന്തമായി ഒരു പ്രസിദ്ധീകരണവും നമുക്കില്ല എന്നത് സഗൗരവം പരിഗണിക്കേണ്ടതാണ്. പോസ്റ്റ് അഫ്സൽ, സലഫി യൂനിവർസിറ്റി തുടങ്ങിയ ഉന്നത പഠനരംഗങ്ങളും ശാന്തപുരത്ത് ആരംഭിക്കുന്നു എന്ന് കേട്ട ഗവേഷണകേന്ദ്രവും മറ്റും നമുക്ക് ആശക്ക് വഴിനല്കുന്നുണ്ട്.

അറബി ഭാഷാപഠനത്തിൻേറയും മതപഠനത്തിൻേറയും വിശാലത മുമ്പത്തെ അപേക്ഷിച്ച് കൂടിയിട്ടുണ്ടെങ്കിലും ആഴം കുറഞ്ഞ് വരികയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മതപഠനരംഗത്ത്, കഴിഞ്ഞ അരനൂറ്റാണ്ടിനിടയിൽ മാതൃഭാഷയിൽ ആശാവഹമായ പുരോഗതി ദൃശ്യമായിട്ടുണ്ട്. മലയാളത്തിലുള്ള ഖുർആൻ പരിഭാഷ, വിവിധ വിഷയങ്ങൾ പ്രതിപാദിക്കുന്ന കനപ്പെട്ട ഗ്രന്ഥങ്ങൾ, മാസികകൾ, വാരികകൾ, തുടങ്ങി പലതും പഠനമേഖലയെ സംപുഷ്ടമാക്കുന്നുണ്ടെന്നത് സന്തോഷപൂർവ്വം ഇവിടെ സ്മരിച്ചുകൊള്ളുന്നു.

U

*"The existence of a beautiful mosque built and dedicated by Mr. K. Avaran Kutty Haji of Feroke and the Rowzathul Uloom Arabic College within the precincts of the college lend a spiritual and cultural background to the institution."*

*Seethi Sahib*